# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 466 | 26.04.2017 ലെ മറുപടിയ്ക്ക്

## സർക്കാരിന്റെ അധികാരപരിധിയിൽ പ്രവർത്തിക്കുന്ന ട്രഷറികൾ

**ചോദ്യം** | **ഉത്തരം**

ശ്രീ.പി.കെ.ശശി

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ പ്രവർത്തിക്കുന്ന ട്രഷറികൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ കേന്ദ്ര സർക്കാരിന്റെ നോട്ടുനിരോധനം ഏതു തരത്തിൽ ബാധിച്ചു എന്നു വിലയിരുത്തിയോ വിശദാംശം ലഭ്യമാക്കുമോ | ട്രഷറികളുടെ സാമ്പത്തിക ഇടപാടുകളെ കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനം ബാധിച്ചിട്ടുണ്ട്. ബാങ്കുകളിൽ നിന്നും പിൻവലിക്കാവുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചതിനാലും, ഈ വ്യവസ്ഥകൾ ട്രഷറികൾക്ക് ബാധകമാക്കിയതിനാലും ട്രഷറികളിലെ സേവിംഗ്സ് ബാങ്ക്/ പെൻഷനേഴ്സ് സേവിംഗ്സ് ബാങ്ക് എന്നിവയിൽ നിന്നും നിക്ഷേപകർക്കും പെൻഷൻകാർക്കും തുക പിൻവലിക്കാൻ ബുദ്ധിമുട്ടുണ്ടായി.<br>8.11.2016 അർദ്ധരാത്രി മുതൽ സഹകരണ സംഘങ്ങൾക്ക് അവരുടെ പക്കലുള്ള 500,1000 രൂപ കറൻസികൾ കൈമാറ്റം ചെയ്യാൻ സാധിക്കാത്ത അവസ്ഥ സംജാതമായി. 09.11.2016-ന് സഹകരണ സംഘങ്ങളിൽ സാമ്പത്തിക ഇടപാടുകൾ നടന്നിട്ടില്ല. 10.11.2016 മുതൽ 14.11.2016 വരെ പ്രാഥമിക സഹകരണ സംഘങ്ങൾ സ്വീകരിച്ച 500,1000 കറൻസികൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ഒരാഴ്ചയിൽ 24,000 രൂപ മാത്രമേ ഒരു അക്കൗണ്ടിൽ നിന്നും പിൻവലിക്കാൻ കഴിഞ്ഞുള്ളൂ. സഹകരണ മേഖലയിലെ 1.90 കോടി ഇടപാടുകാരുടെ |

| | | | |
|---|---|---|---|
| | | | ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉച്ചുമായ ഈ തുക തികച്ചും അപര്യാപ്തമായിരുന്നു. ഒരു പ്രാഥമിക സംഘത്തിൽ ശരാശരി 10,000-ത്തോളം ഇടപാടുകാരുണ്ട്. സാധുവായ കറൻസി ഉപയോഗിച്ച് (പുതിയ 2,000 നോട്ടുൾപ്പെടെ) നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ പ്രധാന ബിസിനസ്സായ വായ്പാ വിതരണവും തിരിച്ചടവും, നിക്ഷേപവുമുൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു. വായ്പേതര പ്രവർത്തനങ്ങൾ ഉൾപ്പെടെ (കൺസ്യൂമർ, സ്റ്റോർ, നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ, വളം ഡിപ്പോ, ക്ലിനിക്കൽ ലാബ് തുടങ്ങിയവ) പ്രാഥമിക സംഘങ്ങൾ നടത്തുന്ന ദൈനംദിന പ്രവർത്തനങ്ങൾ എല്ലാം ബുദ്ധിമുട്ടിലായി. വിവാഹം, ചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത ആളുകൾക്ക് വായ്പാ തുക യഥാസമയം നൽകുവാൻ സാധിച്ചില്ല. കെട്ടിടനിർമ്മാണം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി സംഘങ്ങളിൽ നിന്നും നിക്ഷേപതുക പിൻവലിക്കാനായില്ല. കാർഷിക വായ്പ വിതരണവും തിരിച്ചടവും പൂർണ്ണമായും നിലച്ചത് കർഷകരെ ദുരിതത്തിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ടുള്ള അംഗങ്ങൾ അവരുടെ എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ച നിരോധിച്ച കറൻസി ജില്ലാ സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യം വന്നു. ഇത് പ്രാഥമിക സംഘങ്ങൾക്ക് പലിശ നഷ്ടത്തിന് കാരണമായി. സഹകരണ ബാങ്കിലെ സ്വർണ്ണ പണയം ഉൾപ്പെടെയുള്ള വായ്പകൾക്ക് പണം നൽകാൻ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞില്ല. |
| (ബി) | ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തി ജനങ്ങൾക്ക് വേണ്ടുന്ന സേവനം ഉറപ്പു വരുത്താൻ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നു വ്യക്തമാക്കുമോ | | ട്രഷറികളിലൂടെ ശമ്പളവും പെൻഷനും വിതരണം ചെയ്യുവാനായി ഏജൻസി ബാങ്കുകളിൽ നിന്നും ഇംപ്രസ്റ്റ് തുക ആവശ്യപ്പെടുമ്പോൾ മിക്ക ദിവസങ്ങളിലും 40% ത്തോളം തുക മാത്രമേ ലഭിക്കുകയുണ്ടായുള്ളൂ. ഈ കറൻസി ക്ഷാമം പരിഹരിക്കുന്നതിനായി സർക്കാർ നിർദ്ദേശാനുസരണം ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, KSFE എന്നിവയുടെ |

| | | | |
|---|---|---|---|
| | | | വരുമാനം കറൻസിയായി ട്രഷറികളിൽ നേരിട്ട് അടയ്ക്കുന്നതിനും ബാങ്കിംഗ് ട്രഷറികളിൽ ചെലാനുകൾ നേരിട്ട് ട്രഷറി കൗണ്ടർ മുഖേന സ്വീകരിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | നടപ്പു വർഷം ട്രഷറി പ്രവർത്തനങ്ങൾ ആദ്യദിനം തുടങ്ങി വിഷു/ഈസ്റ്റർ ദിവസങ്ങൾ ഉൾപ്പെടെ ട്രഷറികളിൽ നിന്നും ജീവനക്കാർക്കുള്ള ശമ്പളവും പെൻഷൻകാർക്കുള്ള പെൻഷനും മറ്റു സാമ്പത്തിക ക്രയവിക്രയങ്ങളും തടസ്സപ്പെടാനിടയായ റിസർവ് ബാങ്ക് പ്രവൃത്തി ശ്രദ്ധയിൽപ്പെട്ടുവോ എങ്കിൽ കേന്ദ്ര സർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും ഇത്തരം നടപടികൾ തുടരാതിരിക്കാനായി എന്തു നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ക്രയവിക്രയങ്ങൾക്ക് ആവശ്യമായ ഇംപ്രസ്റ്റ് തുക ബാങ്കുകളിൽ നിന്ന് ലഭ്യമാക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതുമൂലം ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, KSFE എന്നിവയുടെ വരുമാനം ട്രഷറികളിൽ ലഭ്യമാക്കി പരിഹാരം കാണുന്നതിന് സർക്കാർ നിർദ്ദേശം നൽകിയതനുസരിച്ച് തുക ട്രഷറികളിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ